(ബി) കെ.എസ്.ആർ.ടി.സി. ലാഭനഷ്ടമില്ലാതെ പ്രവർത്തിക്കുന്നതിന് ഒരു കിലോമീറ്ററിന് എത്ര രൂപ വരുമാനമാണുണ്ടാകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ശരാശരി വരുമാനം ലഭിക്കാത്ത എത്ര ഷെഡ്യൂളുകൾ ഇപ്പോൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്;

(ഡി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 മെയ് മാസത്തെ കണക്കനുസരിച്ച് കിലോമീറ്ററിന് 12 രൂപ 44 പൈസ വരുമാനമുണ്ടാകുന്നുണ്ട്.

(ബി) നഷ്ടമില്ലാതെ പ്രവർത്തിക്കുന്നതിന് കിലോമീറ്ററിന് 14 രൂപ 45 പൈസ വരുമാനമുണ്ടാകേണ്ടതുണ്ട്.

(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) നഷ്ടത്തിലോടുന്ന സർവ്വീസുകളുടെ സമയക്രമം പരിഷ്കരിച്ച് കൂടുതൽ വരുമാനം ലഭിക്കത്തക്ക രീതിയിൽ ക്രമീകരിക്കുന്നുണ്ട്. ആവശ്യമായി വരുന്ന പക്ഷം അത്തരം സർവ്വീസുകളുടെ റൂട്ടുകളും ഭേദഗതി ചെയ്യുന്നുണ്ട്. ദേശവൽക്കൃത മേഖലകളിലൂടെയും ഗ്രാമപ്രദേശങ്ങളിലൂടെയും നടത്തുന്ന സർവ്വീസുകൾ പൂർണ്ണമായും ലാഭേച്ഛയോടെ നടത്തപ്പെടുന്നവയല്ല.

58 (1022) കെ.എസ്.ആർ.ടി.സി. നിയമനങ്ങളിലെ എസ്.സി./എസ്.ടി. അനുപാതം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനത്തിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്;

(ബി) ഓരോ വിഭാഗത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയെന്നു വ്യക്തമാക്കുമോ;

(സി) പട്ടിക വിഭാഗക്കാർക്കു മതിയായ പ്രാതിനിധ്യം ലഭ്യമാക്കാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20.3.85-ലെ ജി.ഒ. (എം.എസ്.)നം. 114/85/ജി.എ.ഡി. 10.11.93-ലെ ജി.ഒ. (എം.എസ്)നം.23/93/പി.എൽ.ജി. 22.1.1994 -ലെ ജി.ഒ. (എം.എസ്)നം. 25/94/ജി.എ.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ലംഘിച്ചതിനു കാരണക്കാരായ കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ ആരാണ്; ഇവർക്ക് എതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാവുമോ;

(ഡി) 31.12.98-നു അവസാനിച്ച ത്രൈമാസത്തിൽ 119 പേരെ കെ.എസ്.ആർ.ടി.സി. നിയമിച്ചപ്പോൾ പട്ടികജാതിയിൽനിന്നു രണ്ടു പേരെയും പട്ടിക വർഗ്ഗത്തിൽനിന്ന് ഒരാളെയും മാത്രമേ നിയമിച്ചിട്ടുള്ളൂ എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനു കാരണക്കാരായവർക്കെതിരെ നടപടി എടുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)പട്ടിക വിഭാഗക്കാരുടെ പ്രാതിനിത്യക്കുറവ് സമയ ബന്ധിത മായി പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കു ന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) അന്വേഷിച്ച് വിവരം അറിയിക്കുന്നതാണ്.

59 (1023) ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ നടപടി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര രൂപ ലാഭ നഷ്ടമുണ്ടായി;

(ബി) കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കു ന്നതുവഴി തസ്തികകളുടെ എണ്ണം എത്രമാത്രം കുറയ്ക്കുവാൻ കഴിയുമെ ന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) കോർപ്പറേഷൻ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരു ടെയും ബസുകളുടെയും എണ്ണം തമ്മിലുള്ള അനുപാതത്തിൽ ജീവനക്കാ രുടെ എണ്ണം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 സാമ്പത്തിക വർഷം 50.99 കോടി രൂപ നഷ്ടമുണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർ നെറ്റ്വർക്ക് ആരംഭിച്ചത് ജീവനക്കാരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയല്ല. മറിച്ച് ഓഫീസ് ജോലി കൾ കൂടുതൽ എളുപ്പമുള്ളതാക്കുവാൻ വേണ്ടിയാണ്.

(സി) കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം ഇപ്പോൾ കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്.

60 (1024) പി.എഫ്. ലോൺതുക അനുവദിക്കുന്നതിൽ കാലതാമസം

ശ്രീ. എ.കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളിൽ എത്രപേർ ഇപ്പോൾ പി.എഫിൽ അടച്ച തുകയിൽനിന്ന് ലോണിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) ഈ അപേക്ഷകളിൽ ഏറ്റവും കൂടിയ കാലപ്പഴക്കം എത്ര യാണ്;

LIBRARY ARCHIVES Kerala Legislative Assembly